കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-അംഗീകാരമില്ലാത്ത സ്കൂളുകളിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് തുടർപഠനം സാധ്യമാക്കുന്നതിനായി അംഗീകാരമുള്ള സ്കൂളുകളിലെ 2 മുതൽ 10 വരെ ക്ലാസ്സുകളിൽ പ്രവേശനം സാധ്യമാകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

ജി.ഒ.(ആർ റ്റി) നം.1235/2017/പൊവിവ തീയതി, തിരുവനന്തപുരം, 03/05/2017

---

**<u>ഉത്തരവ്</u>**

സർക്കാർ അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ തുടർപഠനം മുടങ്ങുന്ന സാഹചര്യം നിലനിൽക്കുന്നു എന്നും, ഇത്തരം സ്കൂളുകൾക്ക് പരീക്ഷ നടത്തുവാനും വിടുതൽ സർട്ടിഫിക്കറ്റ് നല്കുന്നതിനും അധികാരമില്ലാത്തതിനാൽ കുട്ടികളുടെ തുടർപഠനം സാധ്യമാക്കണമെന്നഭ്യർത്ഥിച്ച് ധാരാളം നിവേദനങ്ങൾ ലഭിക്കുന്നതിനാൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനം സാധ്യമാക്കുന്നതിനായി അംഗീകാരമുളള സ്കൂളിൽ ഒരു പ്രവേശന പരീക്ഷ നടത്തി 2 മുതൽ 10 വരെ ക്ലാസ്സുകളിൽ വയസ്സ് അടിസ്ഥാനത്തിൽ, ഈ അദ്ധ്യയന വർഷത്തേയ്ക്ക് മാത്രം പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**കെ.ഗോപാലകൃഷ്ണ ഭട്ട്**

സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.പി. ഐ മുഖാന്തിരം)
ഡയറക്ടർ, ഐ.റ്റി@സ്കൂൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**<u>പുറത്തെഴുത്ത് കത്ത് നം.എച്ച്1/34988/2017/ഡി.പി.ഐ.</u>**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, **19.05.2017.**

**മേൽ സർക്കാർ ഉത്തരവ് അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു.**

**ജെസ്സി ജോസഫ്**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ പ്രധാനാദ്ധ്യാപകർക്കും (AEO/DEO മുഖാന്തരം)
4. ഐ.റ്റി@ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സാക്ഷിപ്പ് ഫയൽ.